പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 102 — 09.06.2014 -ൽ മറുപടിയ്ക്ക്

# ബാറുകളുടെ ലൈസൻസ് പുതുക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | 2013–14 സാമ്പത്തികവർഷത്തിൽ എത്ര ബാറുകൾക്ക് ലൈസൻസുണ്ടായിരുന്നു ; | (എ) | 740 |
| (ബി) | 2014 –15 സാമ്പത്തിക വർഷത്തിൽ എത്ര ബാറുകൾക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട് ; | (ബി) | 311 |
| (സി) | ബാറുകളുടെ ലൈസൻസ് പുതുക്കി നൽകുന്നതിൽ സ്വീകരിച്ച മാനദണ്ഡമെന്താണ്; | (സി) | വിദേശമദ്യ ചട്ടത്തിൽ പ്രതിപാദിച്ചിട്ടുള്ള ലൈസൻസ് പുതുക്കുന്നത് സംബന്ധിച്ച വ്യവസ്ഥ പ്രകാരം ലൈസൻസിന്റെ "Nature,Content, Scope" എന്നിവയ്ക്ക് മാറ്റം വരുത്തിയിട്ടില്ലാത്തവർക്കും, അബ്കാരി കുടിശ്ശിക ഇല്ലാത്തവർക്കും, കുടിശ്ശിക അടയ്ക്കാനുള്ളവരാണെങ്കിൽ 50% കുടിശ്ശിക അടച്ചിട്ടുള്ളവർക്കും, നിശ്ചിത ലൈസൻസ് ഫീസ് അടച്ചവർക്കും ലൈസൻസ് പുതുക്കി നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ബഹു. സുപ്രീംകോടതിയുടെ CA-3196 നമ്പർ കേസിലെ വിധിയിൽ |

| | | | |
|---|---|---|---|
| | | | പരാമർശിച്ച 418 ബാറുകളുടെ ലൈസൻസ് പുതുക്കുന്നത് സംബന്ധിച്ച തീരുമാനം മാറ്റി വച്ചിട്ടുണ്ട്. |
| (ഡി) | ലൈസൻസ് പുതുക്കി നൽകിയ ബാറുകൾ സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളുള്ളവയാണെന്ന് ഏതെങ്കിലും ഏജൻസി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ. ഉണ്ടെങ്കിൽ ആ ഏജൻസി ഏതാണ്. | (ഡി) | ബാർ ലൈസൻസ് പുതുക്കി നൽകുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ സാക്ഷ്യപ്പെടുത്തുന്നതിനായി ഒരു ഏജൻസിയേയും സർക്കാർ നിയോഗിച്ചിട്ടില്ല. |
| (ഇ) | ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റുകളുടെ മുന്നിൽ മദ്യം വാങ്ങാൻ വൻ ആൾക്കൂട്ടം ഉള്ളതിനാൽ ചിലയിടങ്ങളിലെങ്കിലും ഗതാഗതതടസ്സം നേരിടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റുകളിൽ മദ്യം വാങ്ങുവാൻ ഉപഭോക്താക്കൾ ക്യൂ നിൽക്കുന്നതിനാൽ ചിലയിടങ്ങളിൽ ഗതാഗതതടസ്സം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം ഔട്ട്‌ലെറ്റുകൾ കണ്ടെത്തി ഗതാഗത തടസ്സം ഉണ്ടാകാൻ സാധ്യതയില്ലാത്ത സ്ഥലങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുവാൻ കോർപ്പറേഷൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ